പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5027 27.06.2019- ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ഇരകൾ

ചോദ്യം

ശ്രീ.എൻ.എ.നെല്ലിക്കുന്ന്.

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി.)

| | | | |
|---|---|---|---|
| (എ) | സർക്കാരിന്റെ ആനുകൂല്യങ്ങളും സഹായങ്ങളും കൈപ്പറ്റുന്ന എത്രപേർ എൻഡോസൾഫാൻ ലിസ്റ്റിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 6235 പേർ |
| (ബി) | ഇവർക്ക് സഹായങ്ങളും ആനുകൂല്യ-ങ്ങളും നൽകുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഓരോ മാനദണ്ഡമനുസരിച്ച് കിട്ടുന്ന സഹായങ്ങൾ എന്താണെന്നും വിശദമാക്കാമോ; | (ബി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് പ്രതിമാസ പെൻഷൻ, സൗജന്യ ചികിത്സ, ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ പ്രകാരവും സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിലുള്ള ധനസഹായം എന്നിവ നൽകി വരുന്നു. പൂർണ്ണമായും |

| | | | | |
|---|---|---|---|---|
| | | | | കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ എന്നീ കാറ്റഗറിയിൽ ഉൾപ്പെട്ടവർക്ക് 5 ലക്ഷം രൂപ വീതവും ശാരീരിക വൈകല്യം ബാധിച്ചവർ, കാൻസർ രോഗികൾ എന്നീ കാറ്റഗറിയിൽ ഉൾപ്പെട്ടവർക്ക് 3 ലക്ഷം രൂപ വീതവും നൽകിവരുന്നു. മരണപ്പെട്ടവരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് (അർഹതപ്പെട്ടവർക്ക്) അനന്തരാവകാശ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിച്ച് നൽകുന്നു. കൂടാതെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവരുടെ 2011 ജൂൺ 30 വരെ എടുത്തിട്ടുള്ള 3 ലക്ഷം രൂപ വരെയുള്ള വായ്പകൾ സർക്കാർ ഉത്തരവിനു വിധേയമായി എഴുതിത്തള്ളുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | എൻഡോസൾഫാൻ ഇരകൾക്ക് ഇതുവരെ എത്ര തുക സഹായമായി നൽകിയെന്നും ഇതിനുള്ള ഫണ്ട് എവിടെ നിന്ന് ലഭിച്ചുവെന്നും വ്യക്തമാക്കാമോ; | (സി) | 1,98,69,59,819/- രൂപ (നൂറ്റി തൊണ്ണൂറ്റിയെട്ടു കോടി അറുപത്തിയൊൻപത് ലക്ഷത്തി അൻപത്തിയൊൻപതിനായി- രത്തി എണ്ണൂറ്റി പത്തൊൻപത് രൂപ മാത്രം) എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഇതുവരെ സഹായമായി നൽകിയിട്ടുണ്ട്. സർക്കാരിൽ നിന്നും പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും ഫണ്ട് ലഭ്യമായിട്ടുണ്ട്. |
| (ഡി) | കേന്ദ്ര സർക്കാരിൽ നിന്നോ പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നോ എൻഡോസൾഫാൻ കമ്പനിയിൽ നിന്നോ നഷ്ടപരിഹാരം കിട്ടിയിരുന്നോ എന്നും എങ്കിൽ എത്ര തുകയാണെന്നും വ്യക്തമാക്കാമോ; | (ഡി) | പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും 58.105 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ 5 കോടി രൂപ 18/7/2011 ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയിട്ടുള്ളതാണ്. |
| (ഇ) | എൻഡോസൾഫാൻ കമ്പനിയെയും പ്ലാന്റേഷൻ കോർപ്പറേഷനെയും സർക്കാർ നഷ്ടപരിഹാരത്തിനായി സമീപിച്ചിരുന്നുവോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് നടത്തിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | (ഇ) | കീടനാശിനി നിർമ്മാതാക്കളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനായി കേരള സർക്കാരിനുവേണ്ടി തിരുവനന്തപുരം ജില്ലാ കളക്ടർ വാദിയായി, തിരുവനന്തപുരം സബ്-കോടതി III-ൽ 15 കീടനാശിനി |

| | | | |
|---|---|---|---|
| | | | കമ്പനികൾക്കെതിരെ OS.2/2019 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കത്തിടപാടുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

LTD.
OFFICE

5-0